ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി)&(ഡി) അത്തരമൊരു സാഹചര്യം ഉണ്ടായാൽ സംസ്ഥാന സർക്കാർ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

എഫ്.സി.ഐ. ഗോഡൗണുകളിൽ കെട്ടിക്കിടക്കുന്ന ഭക്ഷ്യ ധാന്യങ്ങൾ

113 (770) ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. കെ.എം. മാണി :
ശ്രീ. തോമസ് ചാഴിക്കാടൻ :
ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ സബ്സിഡി കുറച്ചതുമൂലം സംസ്ഥാനത്തെ എഫ്. സി.ഐ. ഗോഡൗണുകളിൽ വൻതോതിൽ ഭക്ഷ്യധാന്യങ്ങൾ കെട്ടിക്കിട ക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളി പ്പെടുത്തുമോ;

(ബി) എഫ്.സി.ഐ. യുടെ പ്രവർത്തനം പരാജയപ്പെടാൻ ഇടയായാൽ അത് സംസ്ഥാനത്തെ പൊതുവിതരണ മേഖല തകരാറിലാക്കും എന്ന് സർക്കാരിന് ബോദ്ധ്യമായിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ സബ്സിഡി പുനഃസ്ഥാപിച്ച് പൊതുവിതരണ മേഖല മെച്ചപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ?

ഉത്തരം

(എ) ഉണ്ട്. ഫുഡ് കോർപ്പറേഷന്റെ പക്കൽ 19.6.2000 ലെ കണക്കു പ്രകാരം 432073 ടൺ അരിയും 151970 ടൺ ഗോതമ്പും സ്റ്റോക്കുണ്ട്.

(ബി) ബോദ്ധ്യമായിട്ടുണ്ട്.

(സി) മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കേരളത്തിൽനിന്നും എല്ലാ രാഷ്ട്രീയ കക്ഷികളുടെയും പ്രതിനിധികൾ ഇക്കഴിഞ്ഞ ഏപ്രിൽ 18 ന് പാർലമെന്റ് മന്ദിരത്തിനു മുന്നിൽ ധർണ നടത്തുകയും പ്രധാനമന്ത്രിയെ നേരിട്ടുകണ്ട് നിവേദനം സമർപ്പിക്കുകയും ചർച്ച നടത്തുകയും ചെയ്തു. സംസ്ഥാന മുഖ്യമന്ത്രിയും ഭക്ഷ്യമന്ത്രിയും പ്രധാനമന്ത്രിയുമായും കേന്ദ്ര ഭക്ഷ്യമന്ത്രിയുമായും കത്തുകൾ മുഖേനയും നേരിട്ടും പലപ്പോഴും ബന്ധപ്പെ ട്ടിട്ടുണ്ട്. സംസ്ഥാനത്തുനിന്നുള്ള എം.പി.മാർ മുഖേന പാർലമെന്റിൽ ഇക്കാര്യം ശക്തമായി പലപ്പോഴും ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. ഈ രീതി യിലുള്ള ശ്രമം തുടർന്നുവരികയാണ്.

11.6.2000 മുതൽ ദാരിദ്ര്യരേഖയ്ക്കു മുകളിലുള്ള എല്ലാ കാർഡ് ഉടമ കൾക്കും പ്രതിമാസം 16 കിലോ അരി വീതം രണ്ടു രൂപ സബ്സിഡി നിര ക്കിൽ (കിലോയ്ക്ക് 10 രൂപ 40 പൈസ) സംസ്ഥാന ഗവൺമെന്റ് നൽകി വരു ന്നുണ്ട്. ഇതു കൂടാതെ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള 42% കുടുംബ ങ്ങൾക്ക് പകുതി വിലയ്ക്ക് 20 കിലോ അരി വീതം പ്രതിമാസം നൽകിവരുന്ന തിൽ 17 ശതമാനം കുടുംബങ്ങൾക്കു നൽകുന്നതിന്റെ അധിക സാമ്പത്തിക

LIBRARY ARCHIVES Kerala Legislative Assembly

ബാധ്യത പൂർണ്ണമായും സംസ്ഥാന ഗവൺമെന്റ് തുടർന്നും വഹിച്ചു പോരുന്നുണ്ട്.

മണ്ണെണ്ണ പെർമിറ്റ്

114 (771) ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ നാലു വർഷത്തിനിടയിൽ എത്രപേർക്ക് മണ്ണെണ്ണ പെർമിറ്റ് നൽകിയിട്ടുണ്ട്;

(ബി) ഇതിന് സ്വീകരിച്ച മാനദണ്ഡം വ്യക്തമാക്കുമോ;

(സി) മണ്ണെണ്ണ പെർമിറ്റ് നൽകുന്നതിൽ കേന്ദ്ര സർക്കാർ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 10,00,205 പേർക്ക് പെർമിറ്റുകൾ നൽകിയിട്ടുണ്ട്.

(ബി) ഒരു സിലിണ്ടർ എൽ.പി.ഗ്യാസ് കണക്ഷൻ ഉള്ള കാർഡുടമകൾക്ക് 3 ലിറ്റർ വീതവും എൽ.പി.ഗ്യാസ് കണക്ഷൻ ഇല്ലാത്ത കാർഡുടമകൾക്ക് 6 ലിറ്റർ വീതവും മണ്ണെണ്ണ പ്രതിമാസം നൽകുന്നതാണ്. എല്ലാ താലൂക്ക് തലങ്ങളിലും ജനകീയ കമ്മിറ്റികൾ രൂപീകരിച്ച് അപേക്ഷകരുടെ മുൻഗണനാക്രമം നറുക്കിട്ടെടുത്താണ് പെർമിറ്റ് വിതരണം നടത്തിയത്. അപേക്ഷകരിൽ 50% ജനറൽ കാറ്റഗറിയായും 50% സ്പെഷ്യൽ കാറ്റഗറിയായും തിരിച്ചാണ് പെർമിറ്റുകൾ അനുവദിച്ചു നൽകിയിട്ടുള്ളത്.

(സി)&(ഡി) ഉണ്ട്. അതനുസരിച്ച് 1.3.2000 മുതൽ രണ്ടു സിലിണ്ടർ പാചക കണക്ഷൻ ഉള്ള ഉപഭോക്താക്കൾക്ക് മണ്ണെണ്ണ പെർമിറ്റ് നൽകേണ്ടതില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

റേഷൻ വ്യാപാരികളുടെ നിവേദനം

115 (772) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കടകളിൽ റേഷനരിയും ഗോതമ്പും കെട്ടികിടക്കുന്നതു സംബന്ധിച്ച് റേഷൻ വ്യാപാരികളുടെ സംഘടന സർക്കാരിന് നിവേദനം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ നിവേദനത്തിലെ ആവശ്യങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ സ്ഥിതിവിശേഷം ഉണ്ടാകാനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതു പരിഹരിക്കാൻ സംസ്ഥാന സർക്കാർ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ; ഇതേപ്പറ്റി കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly